# പതിമൂന്നാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ - 1305

12.07.2011 ന് മറുപടിയ്ക്കുണ്ടായിരുന്നത്

### വി.സി.10/99-ാം നമ്പർ കേസ്

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.സി.പി.മുഹമ്മദ്.<br>ശ്രീ.എ.റ്റി.ജോർജ്ജ്:<br>ശ്രീ.അൻവർ സാദത്ത്:<br>ശ്രീ.ഐ.സി.ബാലകൃഷ്ണൻ: | | ശ്രീ. ഉമ്മൻ ചാണ്ടി<br>മുഖ്യമന്ത്രി | |
| എ). | വി.സി. 10/99-ലെ പ്രതികൾക്ക് സർവ്വീസിൽ നിന്നും യഥേഷ്ടം പിരിഞ്ഞുപോകുവാനും പെൻഷൻ ആനുകൂല്യങ്ങളും പെൻഷനും വാങ്ങുവാനും 2010-ൽ ഒത്താശ ചെയ്തു കൊടുത്തവർക്കെതിരെ നടപടി സ്വീകരിക്കുമോ; | എ) | ഈ കാര്യം പരിശോധിച്ച് ആവശ്യമെന്നുകണ്ടാൽ നടപടികൾ സ്വീകരിക്കുന്നതാണ് |
| ബി) | വി.സി.10/99 സർവ്വീസിൽ നിന്നും പിരിഞ്ഞുപോകുന്ന കേസ്സിലെ പ്രതികളുടെ ആനുകൂല്യങ്ങൾ തടയണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ പരാതികളിന്മേൽ വിജിലൻസ് വകുപ്പ് സ്വീകരിച്ച നടപടികളെന്തെന്ന് വ്യക്തമാക്കുമോ; | ബി) | വി.സി.10/99/എസ്.ഐ.യു. നമ്പരായ വിജിലൻസ് കേസ് സി.സി. 17/2006 മുതൽ 20/2006 നമ്പരായി തിരുവനന്തപുരം വിജിലൻസ് കോടതിയിൽ വിചാരണ നടക്കുകയാണ്. ഈ കേസിൽ ശ്രീമതി ജി.ശ്രീകുമാരിയ്ക്കുള്ള പെൻഷൻ ആനുകൂല്യങ്ങൾ തടയണമെന്ന് ആവശ്യപ്പെട്ട് 30.01.2010-ൽ ശ്രീ.വിജയകുമാരൻ നായർ പരാതി നൽകുകയും പ്രസ്തുത പരാതി 02.03.2010-ൽ വിജിലൻസ് ഡയറക്ടർ കോ-ഓപ്പറേറ്റീവ് രജിസ്ട്രാർക്ക് അയച്ചു കൊടുക്കുകയും ചെയ്തു. ശ്രീ.സി.ശശിധരൻ നായരുടെ പെൻഷൻ ആനുകൂല്യങ്ങൾ തടയണമെന്ന് |

| | | | |
|---|---|---|---|
| | | | ആവശ്യപ്പെട്ട് 28.06.2010-ൽ ശ്രീ.വട്ടിയൂർക്കാവ് മധു പരാതി നൽകുകയും പ്രസ്തുത പരാതി 28.07.2010-ൽ വിജിലൻസ് ഡയറക്ടർ കോ-ഓപ്പറേറ്റീവ് രജിസ്ട്രാർക്ക് അയച്ചുകൊടുക്കുകയും ചെയ്തു. |
| സി) | ഏതെങ്കിലും പ്രതി പെൻഷൻ ആനുകൂല്യങ്ങൾക്കുവേണ്ടി കേസ് ഫയൽ ചെയ്തിരുന്നോ; ഇതിന്മേൽ വകുപ്പ് സ്വീകരിച്ച നടപടികൾ വെളിപ്പെടുത്താമോ? | സി) | വി.സി.10/99 നം. കേസിലെ പ്രതികൾ പെൻഷൻ ആനുകൂല്യങ്ങൾക്ക് വേണ്ടി കേസ് ഫയൽ ചെയ്തിട്ടുള്ളതായി അറിഞ്ഞിട്ടില്ല. |

സെക്ഷൻ ഓഫീസർ